# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.15/1832/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 14/10/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.15/1832/2025 തീയ്യതി: 14/10/2025

# മലപ്പുറം ജില്ലയിലെ പെരുവളളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവളളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2024 മുതൽ 09-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അഷ്റഫ് പെരുംമ്പള്ളി, കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2025 | 21-07-2025 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2025 | 21-07-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുന്നാസർ. പി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ ആലസ്സൻകുട്ടി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന വിസി, ഓഡിറ്റർ
ശ്രീമതി നിഷ.എസ്, ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദുൾ കലാം കെ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ഡോ. ശ്രീകല എം. | സെക്രട്ടറി | 01-04-2024 | 07-09-2024 |
| ശ്രീ. പ്രദീപ് കുമാർ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2024 | 17-09-2024 |
| ശ്രീ. എ.കെ രാജേഷ് | സെക്രട്ടറി | 18-09-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ജാബിർ കെ. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. സുനന്ത കുമാർ പി. | മെഡിക്കൽ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. അനിൽ കുമാർ വി.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഖദീജ തച്ചരു പടിക്കൽ | പ്രധാന അധ്യാപിക | 01-04-2024 | 16-01-2025 |
| ശ്രീ.അബ്ദുൽ കരീം കെ | പ്രധാന അധ്യാപകൻ | 17-01-2025 | 31-03-2025 |
| ഡോ. വിദ്യാ ബാലു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 16-08-2024 |
| ശ്രീമതി. വിബിത സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-08-2024 | 31-03-2025 |
| ഡോ. അബ്ദുൾ റഫീഖ് ഒ.പി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീ. ജേക്കബ് ജോർജ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. നന്ദകുമാർ പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 30-09-2024 |
| ശ്രീ.ബിബിൻ എൻ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2024 | 19-12-2024 |
| ശ്രീ.ടി.ശ്രീധരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-12-2024 | 12-01-2025 |
| ശ്രീമതി.ബിന്ദു.ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 13-01-2025 | 31-03-2025 |
| ശ്രീ. ശ്രീകാന്ത് എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 12-08-2024 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-07-2024 |
| ശ്രീ.വിനയകുമാർ കടവത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2024 | 31-03-2025 |
| ശ്രീമതി. ജോളി ജോൺ ജെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 06-09-2024 |

| | | | |
|---|---|---|---|
| ശ്രീ.പ്രദീപ് കുമാർ.പി | അസിസ്റ്റന്റ് സെക്രട്ടറി | 07-09-2024 | 30-09-2024 |
| ശ്രീമതി.പ്രജിതകുമാരി.എൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2024 | 09-10-2024 |
| ശ്രീമതി.സരിത.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 10-10-2024 | 10-10-2024 |
| ശ്രീമതി.പ്രജിതകുമാരി.എൻ.വി | അസിസ്റ്റന്റ് സെക്രട്ടറി | 11-10-2024 | 31-03-2025 |
| ശ്രീമതി.ഫാത്തിമ അമൽ.കെ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-08-2024 | 31-05-2025 |
| ഡോ.മൊഹമ്മദ് റാസി.പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-3 |
| 5 | ബ്ലോക്ക് പഞ്ചായത്ത് ഷെയർ-സുലേഖ സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഓഡിറ്റ് റിക്കവറി-ഹെഡ് മാറി അക്കൗണ്ട് ചെയ്തു | 1-1-5 |
| 7 | സി എഫ് സി ഗ്രാന്റ് -B4 , B17 എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | Excess Of Income Over Expenditure തുക വ്യത്യാസം | 1-1-7 |
| 9 | ബാങ്കിൽ വന്ന ചെക്ക് തുക ഇപ്പോഴും വരവിലെടുത്തിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക നില | 1-3 |
| 12 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ജലജീവൻ മിഷൻ പദ്ധതി | 1-11 |
| 20 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-12 |
| 21 | സുഖായുസ്സ്, ബാല്യം പദ്ധതി-വിവരങ്ങൾ പൂർണ്ണമല്ല | 1-13 |

| | | |
|---|---|---|
| 22 | സ്ഥാപനങ്ങൾ രജിസ്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു. | 1-14 |
| 23 | തൊഴിൽ നികുതി -അപാകതകൾ | 1-15 |
| 24 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-16 |
| 25 | ഹോമിയോ- മരുന്ന് വാങ്ങൽ പദ്ധതിയിലെ അപാകതകൾ | 1-17 |
| 26 | ഹോമിയോ- എച്ച്.എം.സി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ് | 1-18 |
| 27 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-19 |
| 28 | ടർഫുകൾ - നമ്പർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ല. | 1-20 |
| 29 | അനധികൃത കെട്ടിടം-നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-21 |
| 30 | അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി പുന:സ്ഥാപിച്ചില്ല | 1-22 |
| 31 | ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 32 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-24 |
| 33 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-25 |
| 34 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-26 |
| 35 | കുഴൽകിണർ മോട്ടാർ സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-27 |
| 36 | ഭവന നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-28 |
| 37 | വീട് വാസയോഗ്യമാക്കൽ പദ്ധതി- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 38 | അംഗനവാടിക്ക് വിഹിതം നൽകൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-30 |
| 39 | പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം/പ്രൊജക്ടർ വാങ്ങൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-31 |
| 40 | മുൻകൂർ ക്രമീകരിച്ചില്ല | 1-32 |
| 41 | ഹരിത കർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-33 |
| 42 | ഡിജി കണക്റ്റ് -ഗ്രാമ പഞ്ചായത്ത് സോഷ്യൽ മീഡിയാ പ്രവർത്തനങ്ങൾ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-34 |

| | | |
|---|---|---|
| 43 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 1-35 |
| 44 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-36 |
| 45 | വായനശാലകൾക്കും ക്ലാസ് റൂമുകൾക്കും ദിനപത്രം - അപാകത സംബന്ധിച്ച്. | 1-37 |
| 46 | ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീ അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് വരുന്നില്ല. | 1-38 |
| 47 | ബഡ്സ് സ്കൂൾ നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-39 |
| 48 | ഉങ്ങുങ്ങൽ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-40 |
| 49 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല | 1-41 |
| 50 | പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-42 |
| 51 | പാലിയേറ്റീവ് -വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല. | 1-43 |
| 52 | ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നാളിതു വരെ പ്രയോജനപ്പെടുത്തിയിട്ടില്ല. | 1-44 |
| 53 | അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് സൂക്ഷിപ്പ് | 1-45 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |

| | | |
|---|---|---|
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 02.06.2025 തീയതിയിലെ 3(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ (2024-25) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം: മലപ്പുറം
തീയതി: 14/10/2025

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule ) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി(ഓഡിറ്റ് എൻക്വയറി 14/15.07.25)

## 1-1-2 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിന് ഐ കെ എം നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി 14/15.07.25)

## 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase/(Decrease)In Cash And Cash Equivalents' ആയി രേഖപ്പെടുത്തിയ തുകയും (-75,30,900) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (2,23,68,505) തുല്യമല്ല. വാർഷിക ധനകാര്യ പത്രിക സിസ്റ്റം ജനറേറ്റഡ് റിപ്പോർട്ടുകളായതിനാൽ തിരുത്തലിന് സാധിക്കില്ലെന്നും ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. (14/15.07.25)

## 1-1-4 ബ്ലോക്ക് പഞ്ചായത്ത് ഷെയർ-സുലേഖ സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഷെയർ ഇനത്തിൽ ലഭ്യമായ തുക 63,79,681 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈ ഇനത്തിൽ ലഭ്യമായത് 67,28,747 (I 6പ്രകാരം 5,228,747+ B3 പ്രകാരം1,500,000) രൂപയാണ്. 349066 രൂപയുടെ വ്യത്യാസത്തിന് അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ 255/2025നമ്പർ

കോഴിപ്പുറത്ത് മാട് നമ്പുറത്തിയിൽ എന്ന റോഡ് പദ്ധതിയുടെ തുക (349066/- രൂപ) സാങ്കേതിക കാരണങ്ങളാൽ സുലേഖയിൽ ചെലവ് വന്നിട്ടില്ലയെന്നും ആയത് പരിഹരിക്കുന്നതിന് സൂചിക സോഫ്റ്റ് വെയർ വഴിയും കത്ത് മുഖേനയും ഐ കെ എം നോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.

## 1-1-5 ഓഡിറ്റ് റിക്കവറി-ഹെഡ് മാറി അക്കൗണ്ട് ചെയ്തു

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2024-25 വർഷം ലഭ്യമായ 26916 രൂപ (23200/1240102671/19.11.24 ICDS സൂപ്പർവൈസർ, 3716/1240102675/1911.24 അസി.എഞ്ചിനീയർ) RP 10 Other Income ,Recovery From Others, Recovery From Employees എന്നീ ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം RP35 Other Liabilities എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (14/15.07.2025) അപാകത 2025-26 റെക്റ്റിഫിക്കേഷൻ ജേർണലിലൂടെ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

## 1-1-6 സി എഫ് സി ഗ്രാന്റ് -B4 , B17 എന്നിവയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

B4 പ്രകാരം സി എഫ് സി ഗ്രാന്റ് (Tied&Untied) ഇനത്തിലെ 31.03.2025 ലെ നീക്കിയിരിപ്പ് തുക 12510893/- രൂപയാണ്(2473844+10037049). എന്നാൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ 31.03.2025 ലെ നീക്കിയിരിപ്പ് തുക 13,138,377 രൂപയാണ്. വ്യത്യാസം 627484 രൂപ. ബ്ലോക്ക് വിഹിതമായി കൈമാറിയ തുകയുടെ ചെലവ് കഴിച്ചുള്ള തുകയും മുൻവർഷത്തെ ചെലവ് തുക റീഫണ്ട് ചെയ്തതും ഈ അക്കൗണ്ടിൽ ഉണ്ടെന്നും കൃത്യമായ വ്യത്യാസം പരിശോധിച്ച് സമർപ്പിക്കുന്നതാണെന്നും ഓഡിറ്റ് എൻകചയറിക്ക് (14/15.07.2025) മറുപടി ലഭ്യമാക്കി. വ്യത്യാസം പരിശോധിച്ച് ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-7 Excess Of Income Over Expenditure തുക വ്യത്യാസം

2023-24 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം Excess Of Income Over Expenditure (310900101)എന്ന ഇനത്തിൽ നീക്കിയിരിപ്പ് തുക 11,802,919 രൂപയാണ്. എന്നാൽ ഇതേ ഇനത്തിൽ 2024-25 വാർഷിക കണക്ക് പ്രകാരം മുന്നിരിപ്പ് തുക 17,346,155 രൂപയാണ്. ട്രയൽ ബാലൻസ് സിസ്റ്റം ജനറേറ്റഡ് റിപ്പോർട്ട് ആയതിനാൽ പരിഹരിക്കുന്നതിന് ഐ കെ എം നോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് ഓഡിറ്റ് എൻകചയറിക്ക് (14/15.07.25) മറുപടി ലഭ്യമാക്കി.

## 1-1-8 ബാങ്കിൽ വന്ന ചെക്ക് തുക ഇപ്പോഴും വരവിലെടുത്തിട്ടില്ല

STATE BANK OF INDIA EPAY 2 THIRURANGADI (67262528842) ബാങ്കിന്റെ 31.03.2025 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared എന്ന ഇനത്തിൽ 668 രൂപ (ഇൻസ്ട്രുമെന്റ് നമ്പർ 117020900074 തീ. 18.03.2018) ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഓഡിറ്റ് എൻകചയറി (14/15.07.2025) ക്ക് മേൽ തുക ഇ പെയ്മെന്റ് വഴി സഞ്ചയ സോഫ്റ്റ് വെയറിൽ പോസ്റ്റിംഗ് വരികയും ആയതിന്റെ അടിസ്ഥാനത്തിൽ രശീതി ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയതിനാലാണ് 2024-25 ലും റീകൺസീൽ ചെയ്യാതെ റീകൺസീലിയേഷൻ റിപ്പോർട്ടിൽ വന്നിട്ടുള്ളത്.

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/13.02.2024 | 1(1)/05.03.2025 |

## 1-3 സാമ്പത്തിക നില

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 51290291 |
| വരവ് | 72183864 |
| ആകെ | 123474155 |
| ചെലവ് | 79714764 |
| നീക്കിയിരിപ്പ് | 43759391 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22110629 | 22110629 | 22110629 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6233219 | 6233219 | 6233219 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 18513000 | 18513000 | 18513000 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 7703000 | 7703000 | 7703000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 10973510 | 10973510 | 5443945 | 5529565 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4132466 | 4132466 | 6202912 | -2070446 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 334 | 228757509 | 206 | 105016356 | 0 | 132 | 45.9 |

കുറിപ്പ് :-

സോഷ്യൽ ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | | 0 | 957702 | 957702 | 956413 | 1289 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | റവന്യൂ ചെലവ് | 0 | 15843527 | 15843527 | 15843527 | 0 |
| | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ | 0 | 2358568 | 2358568 | 2358568 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2343600 | 137 |
| വിധവാപെൻഷൻ | 15628800 | 107 |
| വാർദ്ധക്യകാലപെൻഷൻ | 33061400 | 2214 |
| വികലാംഗപെൻഷൻ | 8119900 | 542 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 343800 | 23 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2025 ന് 11.30 Am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 375/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമായ രീതിയിൽ തന്നെയാണ്. ഓഡിറ്റിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ ചേർക്കുന്നു.
1. സ്ലാപ്പുകൾ കയ്യൊഴിയുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല.
2. ഇ- ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീയിനത്തിലുള്ള വരവ് അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് വരുന്നില്ല. അക്കൗണ്ട് ഇ ടെണ്ടർ സൈറ്റുമായി മാപ്പിംഗ് നടത്തിയിട്ടില്ല.
3. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിറ്ററിംഗ് എന്ന നിയമപരമായ കടമ നിർവ്വഹിക്കുന്നില്ല.
4. ഗവ. ഹോമിയോ ഡിസ്പെൻസറിയിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി (എച്ച്.എം.സി.) രൂപീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.01.2023 | 2022-23 | 18.01.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.2018 | 2012-13 മുതൽ 2016-2017 വരെ | 10.05.2018 |

## 1-11 ജലജീവൻ മിഷൻ പദ്ധതി

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. . സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് , ജലനിധി എന്നിവയിലേതെങ്കിലും ഒരു നിർവ്വഹണ ഏജൻസിയെ അതാത് ഗ്രാമ പഞ്ചായത്തിന് തെരെഞ്ഞെടുക്കാവുന്നതാണ്. പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും നിർവ്വഹണ ഏജൻസിക്കു കൈമാറി പദ്ധതി പ്രകാരമുള്ള വ്യക്തിഗത കണക്ഷനുകൾ ലഭ്യമാക്കാവുന്നതാണ്.

ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജൽജീവൻ മിഷന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിക്കായി നൽകിയ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിക്കായി നാളിതുവരെ ഗ്രാമ പഞ്ചായത്ത് 15% തദ്ദശവിഹിതം കൈമാറിയിട്ടില്ല .

2) നാളിതുവരെ ഗ്രാമ പഞ്ചായത്ത് ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചെടുക്കുകയോ നിർവ്വഹണ ഏജൻസിക്കു കൈമാറുകയോ ചെയ്തിട്ടില്ല എന്ന് അറിയിച്ചു.
3)ഗ്രാമ പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ജൽജീവൻ മിഷൻ പദ്ധതിക്കായി നാളിതുവരെ ഗ്രാമ പഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല.

4) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ല.

മറ്റു വിവരങ്ങൾ

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ നിർവ്വഹണ സഹായ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ടത് Welfare Services Ponnurunni Ernakulam എന്ന സ്ഥാപനമാണ്. ജൽജീവൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പൂർത്തീകരണത്തിനുമായി ഗ്രാമപഞ്ചായത്ത് Implementation Support Agency(ISA) യുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസികളുമായി ത്രികക്ഷി കരാറിൽ (ഗ്രാമപഞ്ചായത്ത്, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ-DWSM, ISA) ഏർപ്പെടുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.01.2022ലെയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം ന്റെ 30.01.2023ലെ ADP-MPM/76/2021-A3 നമ്പർ കത്തുകളിലൂടെ നിർദ്ദേശിക്കുകയും 18.10.2021 ന് 05/2021-22 നമ്പർ പ്രകാരം ടി സ്ഥാപനവുമായി കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്.

## 1-12 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 വർഷം മുതൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

2021-22 മുതൽ നാളിതു വരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| വർഷം | സ്കീം-1 | സ്കീം-3 | സ്കീം-4 |
|---|---|---|---|
| 2021-22 | | | |
| 2022-23 | | 479396 | 329903 |
| 2023-24 | | 1098000 | 449000 |
| 2024-25 | | 459000 | 715000 |
| **ആകെ** | | **2036396** | **1493903** |
| പലിശയുൾപ്പെടെ 31.3.2025 ന് അക്കൗണ്ടിലുള്ള ബാലൻസ് | | **516505** | **829017** |

ഓരോ സ്കീമിലും നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| വർഷം | സ്കീം-1 | സ്കീം-3 | സ്കീം-4 | ആകെ |
|---|---|---|---|---|

| | Health Grant Towards Buildingless Subcenters, PHCs & CHCs | Health Grant Towards Support For Diagnostic Infrastructure To The PHCs | Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | |
|---|---|---|---|---|
| 2021-22 | | | | |
| 2022-23 | | 406400 | 263073 | |
| 2023-24 | | 508822 | 204092 | |
| 2024-25 | | 588564 | 220708 | |
| **ആകെ** | | **1503786** | **687873** | |

<u>നാളിതു വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം.</u>

| വർഷം | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 2022-23 | 189/23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 406400 | |
| | 190/23 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 263073 | |
| 2023-24 | 279/24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 508822 | |
| | 280/24 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും | 204092 | |

| | | | | |
|---|---|---|---|---|
| | | ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | | |
| 2024-25 | 311/25 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 220708 | |
| | 312/25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 588564 | |

കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം-1 പ്രകാരമുള്ള ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. നിലവിൽ കുടുംബാരോഗ്യ കേന്ദ്രത്തിനും 4 ഉപ കേന്ദ്രങ്ങൾക്കും കെട്ടിടങ്ങളുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടുംബാരോഗ്യ കേന്ദ്രമായതിനാൽ സ്കീം-2 പ്രകാരമുള്ള ഗ്രാന്റ് 25 ലക്ഷം രൂപ ലഭ്യമായിട്ടുമുണ്ട്.

<u>ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി</u>

ദിനം പ്രതി 800 നും 900 നും ഇടയിൽ രോഗികൾ MORNING & Evening ഒ.പി.യിലായി കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നുണ്ട്. 5 ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. . കൂടാതെ 2 പാലിയേറ്റീവ് യൂണിറ്റുകളുമുണ്ട്. ബ്ലോക്ക് തലത്തിലുള്ള Public Health Unit ഈ കുടുംബാരോഗ്യ കേന്ദ്രത്തിലാണ് പ്രവർത്തിക്കുന്നത്. Fully Automated Analyser , Electrolyte Analyser എന്നിവ ഉള്ളത് കൊണ്ട് ലാബിൽ ഒരേ സമയം തന്നെ കൂടുതൽ രോഗ നിർണ്ണയങ്ങൾ നടത്താൻ സൗകര്യമുണ്ട്. അത് കൊണ്ട് തന്നെ ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുക രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി വഴി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്താൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്.

സാമ്പത്തിക വർഷാവസാനം ലഭിച്ച ഗ്രാന്റ് തുകയും അതിന്റെ പലിശയും മാത്രമാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 സുഖായുസ്സ്, ബാല്യം പദ്ധതി-വിവരങ്ങൾ പൂർണ്ണമല്ല

| പ്രൊജക്ട് നമ്പർ | : | 173/25 | 174/25 |
|---|---|---|---|
| പദ്ധതിയുടെ പേര് | : | സുഖായുസ്സ് - പാലിയേറ്റീവ് പരിചരണവും വൃദ്ധജനക്ഷേമ പ്രവർത്തനങ്ങളും | ബാല്യം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ( ആയുർ വേദം) | മെഡിക്കൽ ഓഫീസർ( ആയുർ വേദം) |
| അടങ്കൽ തുക (₹) | : | 300000/- രൂപ (വികസന ഫണ്ട് - ജനറൽ) | 237560/- രൂപ (വികസന ഫണ്ട് - ജനറൽ ) |
| ചെലവ് (₹) | : | 300000/- രൂപ. | 237560/- രൂപ. |

മെഡിക്കൽ ഓഫീസർ( ആയുർവേദം) നിർവഹണം നടത്തിയ മുകളിൽ പരാമർശിച്ച സുഖായുസ്സ് – പാലിയേറ്റീവ് പരിചരണവും വൃദ്ധജനക്ഷേമ പ്രവർത്തനങ്ങളും, ബാല്യം എന്നീ പദ്ധതികളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ വിവരങ്ങളും ഗുണഭോക്താക്കളെ ഭരണ സമിതി അംഗീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 10/14.07.2025) ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കി ആയതിന് ഭരണസമിതി അംഗീകാരം വാങ്ങിയിട്ടില്ലായിരുന്നെന്നും അടുത്ത പഞ്ചായത്ത് ബോർഡ് മീറ്റിങ്ങിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി ഓഡിറ്റിന്
സമർപ്പിക്കാമെന്ന മറുപടിയാണ് ലഭ്യമാക്കിയത്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ചട്ടം 8 പ്രകാരം, ചട്ടവിരുദ്ധമായി രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.
2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ താഴെ പറയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും

| ക്രമ നം. | **സ്ഥാപനത്തിന്റെ പേര്** | രജിസ്റ്റർ ചെയ്ത സാമ്പത്തിക വർഷം |
|---|---|---|
| 1 | റെയ്സ് പോളി ക്ലിനിക് | 2023-24 |
| 2 | എം എസ് ക്ലിനിക് | 2022-23 |
| 3 | ഫാമിലി ഹെൽത്ത്കെയർ ക്ലിനിക് & മെഡിക്കൽസ് | 2022-23 |

| | | |
|---|---|---|
| 4 | ഏബിൾ മെഡി പാർക്ക് | 2023-24 |
| 5 | കാരുണ്യ ഫിസിയോതെറാപ്പി സെന്റർ | 2023-24 |
| 6 | പൂക്കോയ തങ്ങൾ ഡയാലിസിസ് സെന്റർ | 2023-24 |

അവയുടെ രജിസ്ട്രേഷൻ പുതുക്കിയ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുവാൻ വേണ്ടി നല്കിയ ഓഡിറ്റ് എൻകയറിക്ക്( ഓഡിറ്റ് എൻകയറി നമ്പർ 12/14.07.2025) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.
സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 269 പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം " എന്നതിൽ സ്വകാര്യ ഉടമയിലുള്ള ക്ലിനിക്കൽ ലബോറട്ടറി, എക്സ്രേ യൂനിറ്റ്, രക്ത ബാങ്ക്,സ്ക്കാനിംഗ് സെന്റർ എന്നിവയും അതത് വിഷയങ്ങളെ സംബന്ധിച്ച് പരിശീലന കേന്ദ്രങ്ങളും നഴ്സിങ്ങ് സ്കൂളുകളും എന്നതാണ് എന്നും , പരാമർശിച്ച സ്ഥാപനങ്ങൾക്ക് സ്വകാര്യ ക്ലിനിക്കുകൾ നടത്തുന്നതിന് ആണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ടി കാരണത്താലാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് എന്നും ടി സ്ഥാപനങ്ങളിൽ പരിശോധന നടത്തി ക്ലിനിക്കൽ ലബോറട്ടറി,എക്സ്രേ യൂണിറ്റ്, രക്ത ബാങ്ക്,സ്കാനിങ്ങ് സെന്റർ മുതലായവ കണ്ടെത്തുന്നപക്ഷം ടി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
ആയത് പരിശോധിച്ച് തുടർവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി -അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. തൊഴിൽ നികുതി അടവാക്കിയിട്ടില്ല.**

2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ ,ILGMS ലെ ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കൂടുതൽ ജീവനക്കാരുള്ളതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 32 | എക്സലന്റ് പോളിമേഴ്സ് | 5 | A4-774/2024-25/32 Date: 11.03.2024 |
| 2 | 102 | F20 ഫേഷൻ ട്വന്റി | 3 | A4-964/2024-25/102 Date: 22.03.2024 |
| 3 | 130 | H M S ബെസ്റ്റ് ക്വാളിറ്റി ബേക്കറി | 3 | A4-1278/2024-25/130 Date: 31.03.2024 |
| 4 | 145 | ഏബിൾ മെഡി പാർക്ക് | 7 | A4-1440/2024-25/145 Date: 31.03.2024 |
| 5 | 148 | യാരാ ഹൈപ്പർ മാർക്കറ്റ് | ലഭ്യമല്ല | A4-1489/2024-25/148 Date: 31.03.2024 |
| 6 | 180 | ബരാക്ക സ്റ്റിച്ചിങ്ങ് യൂണിറ്റ് | 3 | A4-1230/2024-25/180 Date: 08.04.2024 |
| 7 | 236 | ഷോ ഫാബ് ഇന്റെർനാഷണൽ | 4 | A4-1786/2024-25/236 Date: 05.06.2024 |
| 8 | 249 | വർണ്ണമഹൽ ഫാബ്രിക്സ് റെഡിമെയ്ഡ്സ് | 5 | A4-2441/2024-25/261 Date: 27.06.2024 |
| 9 | 265 | സുപീരിയർ ട്യൂഷൻസെന്റർ | 5 | A4-2436/2024-25/265 Date: 02.07.2024 |

മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല.

**2. റേഷൻകടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം

ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/14.07.2025) ക്രമ നം 1 – ൽ പരാമർശിച്ച സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നം 2 ൽ പരാമർശിച്ചത് പ്രകാരം റേഷൻകടകൾക്ക് തൊഴിൽനികുതി അടവാക്കുന്നതിന് കൃത്യമായി അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത വിഷയത്തിൽ കോടതി മുഖാന്തരം നിയമപരമായ തടസ്സം നിലനിൽക്കുന്നതിനാൽ നിയമ നടപടികൾ പൂർത്തിയാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നവ ഭാരത് സെൻട്രൽ സ്കൂളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെങ്കിലും, അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2024-25 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ നവ ഭാരത് സെൻട്രൽ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ഹാജരാക്കുവാൻ വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/15.07.2025), പ്രസ്തുത സ്കൂളിന് ഇതുമായി ബന്ധപ്പെട്ട് കത്ത് നല്കിയിട്ടുണ്ടെന്ന വിവരമാണ് ലഭ്യമാക്കിയത്.

തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഹോമിയോ- മരുന്ന് വാങ്ങൽ പദ്ധതിയിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | : | 330/25 |
| പദ്ധതിയുടെ പേര് | : | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ ഹോമിയോ) |
| അടങ്കൽ തുക (₹) | : | 1,00,000<br>50000/- രൂപ (തനത് ഫണ്ട് )<br>50000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) |
| ചെലവ് (₹) | : | 100000/- രൂപ. |

മേൽ പരാമർശിച്ച പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപറേറ്റീവ്

ഫാർമസി(ഹോംകോ)-ക്ക് മുൻകൂറായി 100000 രൂപ നല്കിയെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/തിയ്യതി/ മുൻകൂർ നൽകിയ തുക | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്നിന്റെ വിവരം | | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നം & തിയതി | തുക | |
| 1 | 1. 22400928/05.02.2025- 50000/-(തനത് ഫണ്ട്)<br>2. 24150652040801269514/03.02.2025 50000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) | PF-1115 തീ. 18.01,2025 – 100000/- | LF-441, 20.06.2025 | 19789 | 6684 |
| | | | LF-489, 24.06.2025 | 73527 | |
| | | | ആകെ | 93316 | |

ഹോംകോ-യിൽ നിന്ന് മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/16.07.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## <u>1-18 ഹോമിയോ- എച്ച്.എം.സി രൂപീകരിച്ച് വിവരം അറിയിക്കേണ്ടതാണ്</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 എ വകുപ്പ് പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് 27.08.03 ലെ ജി.ഒ.(പി.).259/03/തസ്വഭവ (എസ്.ആർ.ഒ.നമ്പർ 837/03) എന്ന വിജ്ഞാപനപ്രകാരം 2003 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 07.03.2024-ൽ നിലവിൽ വന്ന ഹോമിയോ ഡിസ്പെൻസറിയിൽ എച്ച്.എം.സി. രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/16.07.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എച്ച്.എം.സി. രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണെന്നും ഉടനെ കമ്മിറ്റി രൂപീകരിക്കുമെന്നും എക്സിറ്റ് മീറ്റിങ്ങിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## <u>1-19 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.</u>

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള

ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുനന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, സഞ്ചയ സ്റ്റോറ്റ് വെയർ എന്നിവ പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ചില വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിനിയോഗ ഗണം തരം മാറ്റാതെ ഉപയോഗിക്കുന്നതായി കാണുന്നു.
ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം., തീയ്യതി | വാർഡ്/ കെട്ടിട നമ്പർ | വിനിയോഗ ഗണം |
|---|---|---|---|---|---|
| 1. | 285 | ക്ലീൻ അപ് ലോൺട്രി.,ഇബ്രാഹിംകുട്ടി.കെ.ടി. | A4-2362/2024-25/285,26.07.2024 | 14/ 25 | നികുതി,ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടം |
| 2. | 290 | കാടപ്പടി വാച്ച് വർക്സ്.,സുരേഷ് കുമാർ പി.ടി. | A4-3147/2024-25/290,9.07.2024 | 11/313 | പാർപ്പിടം |
| 3. | 330 | NUHA Enterprises, Super Bazar | 400906/RPTL19/GPO/2024/3901,,4.10.2024 | 15/293 | ലോഡ്ജ് |

അപാകതക്ക് വിശദീകരണവും പഞ്ചായത്ത് പരിധിയിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനങ്ങളുടേയും ഉപയോഗക്രമം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ വേണ്ടി നല്കിയ ഓഡിറ്റ് എൻകയറി നമ്പർ 45/19.07.2025-ന് മറുപടി ലഭ്യമായിട്ടില്ല.
ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് അനുവദിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും ഉപയോഗക്രമം പരിശോധിച്ച് കെട്ടിടങ്ങളുടെ വിനിയോഗ ഗണം തരം മാറ്റിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-20 ടർഫുകൾ - നമ്പർ നൽകി വസ്തു നികുതി ചുമത്തിയിട്ടില്ല.

GO(P)No. 25/2023/LSGD തിയ്യതി 05.04.2023 -ലെ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾ/സ്വിമ്മിംഗ് പൂളുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യസ്വഭാവത്തോട് കൂടിയവ) എന്നിവക്ക് വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം നമ്പർ 400906/PTRV01/GPO/2023/3024 തിയതി 20.09.2023 പ്രകാരം 30 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വാർഡുകളിൽ പ്രവർത്തിക്കുന്ന ടർഫുകളുടെ വിവരവും വസ്തു നികുതി ചുമത്തിയതിന്റെ വിവരവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/17.07.2025) ലഭ്യമാക്കിയ ടർഫുകൾ/ സ്വിമ്മിംഗ് പൂളുകൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ടർഫ്/സ്വിമ്മിംഗ് പൂളുകൾ പേര്, ഉടമയുടെ പേര് | വാർഡ്, കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി |
|---|---|---|---|
| 1 | മുഹമ്മദ് അരീക്കാട്ട് ചോലത്തൊടി – ടർഫ് | 7/122 | 23329 |
| 2 | ഇരുമ്പൻ മുഹമ്മദ് കുട്ടി , ബീരാൻകുട്ടി- ടർഫ് | 17/64B | 657 |
| 3 | സി പി മുഹമ്മദ്, പാലക്കൽ-ടർഫ് | 18/ നമ്പർ നൽകിയിട്ടില്ല | ഡിമാന്റ് ചെയ്തിട്ടില്ല. |
| 4 | ലാൻസർ, സജി നസീർ, ഹംസ ലാക്കൽ-ടർഫ്,സ്വിമ്മിംഗ് പൂളുകൾ | 5/506C | 3657 |

മേൽ പട്ടികയിലെ ക്രമ നമ്പർ 3 പ്രകാരമുള്ള ടർഫിന് നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന്റെ നികുതി പരിഷ്കരണം അന്തിമ വിജ്ഞാപനം പ്രകാരം ടർഫുകൾക്ക് 30 രൂപയാണ് അടിസ്ഥാന വസ്തു നികുതി. എന്നാൽ മേൽ പ്രകാരം ടർഫുകൾക്ക് അനുവദിച്ച കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചതിൽ ക്രമ നമ്പർ 1 ടർഫിന് വാണിജ്യാവശ്യത്തിനുള്ള 100 ച. മീ. മുകളിൽ 500 ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 60 രൂപയും ക്രമ നമ്പർ 2 ടർഫിന് ഓഫീസ് ആവശ്യത്തിനുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 30 രൂപയും ക്രമ നമ്പർ 4 ടർഫിന് വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് കോംപ്ലക്സ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി 70 രൂപയുമാണ് അടിസ്ഥാന വസ്തുനികുതിയായി കണക്കാക്കിയിട്ടുള്ളത്. നികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം ടർഫുകൾക്ക് പ്രത്യേകം വസ്തു നികുതി കണക്കാക്കിയിട്ടും മറ്റ് ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി കണക്കാക്കിയത് ക്രമ പ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 അനധികൃത കെട്ടിടം-നികുതി കുടിശ്ശിക നിലനിൽക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി വിവരങ്ങൾ ഫോം 10ലുള്ള രജിസ്റ്ററിൽ രേഖപ്പടുത്തേണ്ടതും ചട്ടം 20(2) പ്രകാരം ഈ നമ്പർ നല്കുന്നത് 235 എഎ വകുപ്പ് പ്രകാരം(ചട്ടപ്രകാരമുള്ള വസ്തു നികുതിയും അതിന്റെ രണ്ടരട്ടി നികുതിയും ഈടാക്കുന്നത് സംബന്ധിച്ച്) വസ്തു നികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രമാണ് എന്നും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 235 എഎ വകുപ്പ് പ്രകാരം നിർണ്ണയിച്ച വസ്തു നികുതി ആവശ്യപ്പെട്ട് കൊണ്ട് ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് അയക്കേണ്ടതും കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുമെന്നും, ഇപ്രകാരം വസ്തു നികുതി ചുമത്തുന്നത് മൂലം ടി കെട്ടിടം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഉടവസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമാവില്ലെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതാണെന്നും ചട്ടം 20(3) ലും വ്യക്തമാക്കിയിട്ടുള്ളതാണ്.

ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235 ഡബ്ല്യിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

സഞ്ചയ, ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 18 ാം വാർഡിൽ UA നമ്പർ അനുവദിച്ച പാർപ്പിടേതര കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഉടമ | കുഞ്ഞഹമ്മദ് ഹാജി അഞ്ചാലൻ, അഞ്ചാലൻ ഹൗസ്, പറമ്പിൽ പീടിക | |
| ഉപയോഗ ക്രമം | ഓഡിറ്റോറിയം | |
| വിസ്തീർണ്ണം | സെല്ലാർ- 144.59 ച മീ<br>താഴത്തെ നില- 1660.59 ച മീ<br>ഒന്നാം നില- 1305.43 ച മീ<br>ആകെ 3110.52 ച മീ | |
| അനുവദിച്ച UA നമ്പർ | 12UA/2019-20 | |
| നികുതി വിവരങ്ങൾ (സഞ്ചയ പ്രകാരം ) | BT | 226340 |
| | LC | 11317 |
| | ആകെ | 237657 |

| | |
|---|---|
| നികുതി നിലവിൽ വന്നത് | 2019 First Half |

മേൽ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിവിവരം, ആയത് എന്തെങ്കിലും ആവശ്യങ്ങൾക്ക് നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതും കെട്ടിടത്തിന്റെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/18.07.2025) കെട്ടിടം നിലവിൽ ആവശ്യങ്ങൾക്കായൊന്നും ഉപയോഗിക്കുന്നില്ലായെന്ന് മറുപടി ലഭ്യമാക്കി. കൂടാതെ കെട്ടിടത്തിന് 2022-23 ഒന്നാം അർദ്ധവർഷം മുതലുള്ള വസ്തുനികുതി കുടിശ്ശിക ഉണ്ടെന്നും ആയത് ഈടാക്കുന്നതിന് ഓൺലൈൻ റവന്യൂറിക്കവറി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. 2024-25 സാമ്പത്തിക വർഷത്തെ അസ്സെസ്സ്മെന്റ് രജിസ്റ്റർ സഞ്ചയയിൽ പരിശോധിച്ചതിൽ മേൽ കെട്ടിടത്തിന് ലൈബ്രറി സെസ്സ് അടക്കം ആകെ 6,79,558/- രൂപ കുടിശ്ശിക ഉണ്ട്.)
ലഭ്യമാക്കിയ ഫോം 6 പ്രകാരം മേൽ കെട്ടിടത്തിന് 20 രൂപയാണ് അടിസ്ഥാന വസ്തുനികുതി. 2023 ലെ വസ്തു നികുതി പരിഷ്കരണം പ്രകാരം ഓഡിറ്റോറിയത്തിന് 30 രൂപയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 2013-14 വസ്തു നികുതി പരിഷ്കരണ പ്രകാരമുള്ള നികുതിയാണ് കെട്ടിടത്തിന് ചുമത്തിയിട്ടുള്ളതെന്നും ആയത് പുനർനിർണ്ണയിച്ചിട്ടില്ലായെന്നും അറിയിച്ചു.
മേൽ കെട്ടിടം നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് വരെ കെട്ടിടം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി പുന:സ്ഥാപിച്ചില്ല

28.03.2023ലെ നമ്പർ 15(2) ലെഗ് എ2/2023/നിയമം സർക്കാർ ഉത്തരവ് പ്രകാരം അൺഎയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് (സർക്കാർ, എയ്ഡഡ് ഒഴികെ) അനുവദിച്ച് വന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി.എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പടെയുള്ള സർക്കാർ അംഗീകൃത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്ത സർക്കാർ അംഗീകൃത അൺഎയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി വിവരങ്ങൾ പരിശോധിച്ചതിൽ, ടി കെട്ടിടങ്ങളുടെ വസ്തു നികുതി 01.04.2023 പ്രാബല്യത്തിൽ പുന:സ്ഥാപിച്ചിട്ടില്ല എന്ന് കാണുന്നു. നികുതി ഒഴിവാക്കപ്പെട്ട കെട്ടിടമായാണ് നില നിൽക്കുന്നത്. കെട്ടിട വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.
വാർഡ് 5 ൽ പ്രവർത്തിക്കുന്ന നജാത്ത് HSS എന്ന

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട ഉടമ/ സ്ഥാപനം | കെട്ടിട നമ്പർ, വിസ്തീർണ്ണം | കുറിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 5 | സുലൈമാൻ മുസ്‌ലിയാർ എടയാടൻ, പ്രസിഡന്റ് മുഹമ്മദ് മുസ്‌ലിയാർ കെ ടി, സെക്രട്ടറി നജാത്ത് ഇസ്ലാമിക് സെന്റർ ഉങ്ങുങ്ങൽ | 5/332 താഴത്തെ നില (205ച മീ) | സഞ്ചയ പ്രകാരം മേൽ സ്ഥാപനത്തിൽ ഈ 4 കെട്ടിടങ്ങൾ മാത്രമാണ് വിദ്യാഭ്യാസ ആവശ്യ ഗണത്തിൽ നമ്പർ അനുവദിച്ചതായി കാണുന്നത്. വെബ്ലൈറ്റ്/ഗൂഗിൾ പ്രകാരം ഒന്നിലധികം നിലകളുള്ള കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. |
| | | സുലൈമാൻ മുസ്‌ലിയാർ നജാത്ത് ഇസ്ലാമിക് സെന്റർ ഉങ്ങുങ്ങൽ | 5/333രു താഴത്തെ നില (307ച മീ) | |
| | | സുലൈമാൻ മുസ്‌ലിയാർ നജാത്ത് ഇസ്ലാമിക് സെന്റർ ഉങ്ങുങ്ങൽ | 5/334 താഴത്തെ നില (307ച മീ | |
| | | സുലൈമാൻ മുസ്‌ലിയാർ നജാത്ത് ഇസ്ലാമിക് സെന്റർ ഉങ്ങുങ്ങൽ | 5/335 താഴത്തെ നില (307ച മീരു | |
| 2 | 1 | കെ ടി മുഹമ്മദ് കുട്ടി, വട്ടപ്പറമ്പിൽ നവഭാരത് സെൻട്രൽ സ്കൂൾ | 1/86 താഴത്തെ നില (258ച മീ) ഒന്നാം നില-(258ച മീ) | സഞ്ചയ പ്രകാരം മേൽ സ്ഥാപനത്തിൽ ഈ 2 നിലകളുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് നമ്പർ അനുവദിച്ചതായി കാണുന്നത്. വെബ്ലൈറ്റ്/ഗൂഗിൾ പ്രകാരം രണ്ടിലധികം നിലകളുള്ളതും ഒന്നിൽ കൂടുതൽ കെട്ടിടങ്ങളിലുമായാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. |

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/19.07.2025, 46/20.07.2025) കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി.എ വകുപ്പ് പ്രകാരമാണ് മേൽ സ്കൂളുകൾക്ക് വസ്തുനികുതി ഇളവ് നൽകിയതെന്നും പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. നികുതി പുനർനിർണ്ണയിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ അൺഎയ്ഡഡ് സ്കൂളുകൾക്കും വസ്തു നികുതി ഈടാക്കുന്നുണ്ടന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-23 ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2024-25 വാർഷിക കണക്ക് B4 പ്രകാരം Beneficiary Contributions ഇനത്തിൽ (320800101) 85,206 രൂപ നീക്കിയിരിപ്പ് ഉണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ 01.04.2024 ന് മുന്നിരിപ്പായി 72,706 രൂപയും 31.03.2025 ന് നീക്കിയിരിപ്പായി 85,206 രൂപയും ഉണ്ട്. ഇത് ഏതെല്ലാം നിർവ്വഹണോദ്യോഗസ്ഥർ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതാണെന്നും ആയത് നാളിതുവരെ ചെലവഴിക്കാതിരിക്കുന്നതിന് കാരണവും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/16.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതത്തിലെ നീക്കിയിരിപ്പിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ

ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും രേഖകൾ സഹിതം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/15.07.2025) പഞ്ചയാത്തിലെ മുഴുവൻ കെട്ടിടങ്ങളും അളന്ന് കൂട്ടിച്ചേർത്തവ കണ്ടെത്തിയിട്ടുള്ളതാണെന്നും സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ലേഷൻ വരാത്തതിനാൽ നികുതി ഭേദഗതി ചെയ്യാൻ സാധിച്ചിട്ടില്ലയെന്നും അറിയിച്ചു. നിലവിൽ പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളേയും അളന്ന് ജി ഐ എസ് മാപ്പിംഗ് ചെയ്യുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി ഉടമ്പടിയിലേർപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

മേൽ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ചതിന്റെ തുടർനടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 സ്വീറ്റ് മെയിൻ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്വീറ്റ് മെയിൻ സ്ഥാപിക്കൽ (195/25) എന്ന പദ്ധതി പ്രകാരം 1545759 രൂപ അടങ്കലിൽ 15,44,431 (വികസന ഫണ്ട് ജനറൽ) രൂപ താഴെ പറയും പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ഡിമാൻന് നോട്ടീസ് നമ്പർ | ചെലവ് | ബിൽ /വൗച്ചർ നമ്പർ | വിനിയോഗിച്ചത് | ബാക്കി |
|---|---|---|---|---|
| കുന്നുംപുറം-DB/ARN/2023-24/PPS Work/198/18.3.24 | 498672 | 241506520073002111137/24.5.24 | 0 | 498672 |
| തലപ്പാറ 6.3.24 | 500000 | 241506520073002111142/24.5.24 | 500000 | 0 |
| തലപ്പാറ DB/Es/TPA/Demand Notice/23-24/168/17.2.23 | 545759 | 241506520073002111124/24.5.24 | 545759 | 0 |
| ആകെ | 1544431 | | 1045759 | 498672 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കുലർ നമ്പർ ഡി.എ2/881/2018/ത.സ്വ.ഭ.വ തിയതി 28.12.2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നിക്ഷേപിക്കുന്നത് കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചതിനാധാരമായ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല.ആകെ 1544431 രൂപ നൽകിയിട്ടുണ്ടെങ്കിലും 498672 രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്.

2. സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ 498672 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല. 10,45,759 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

3. കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്കായി ചമച്ച 23.9.24 ലെ കരാർ നമ്പർ വ്യവവസ്ഥ 8 പ്രകാരം ഒരുവർഷത്തിനകം പ്രവർത്തി പൂർത്തീകരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഗ്രാമ പഞ്ചായത്തിന് വിനിയോഗസാക്ഷ്യപത്രം നൽകേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പുർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം നൽകിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/11.7.2025 ന് നൽകിയ മറുപടിയിൽ പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു.പൂർത്തീകരണ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 498672രൂപ തടസ്സം ചെയ്യുന്നു.

## <u>1-26 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല</u>

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 12,00,000 State Project Officer SSK **ക്ക് നൽകിയിട്ടുണ്ട്**.

| പ്രോജക്ട് | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| എസ്.എസ്.കെ വിഹിതം അടവാക്കൽ( 185/25) | 6,00,000 | 6,00,000 | 220/23.12.24 (വികസന ഫണ്ട് ജനറൽ) |
| എസ്.എസ്.കെ വിഹിതം അടവാക്കൽ ( 193/25) ജനറൽ | 6,00,000 | 6,00,000 | 13/9.5.24 (വികസന ഫണ്ട് ജനറൽ) |
| ആകെ | | 12,00,000 | |

1. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.
2. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ

അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. SSK ലഭ്യമാക്കിയ 11.06.25 ലെ വിനിയോഗസാക്ഷ്യപത്രപ്രകാരം യഥാർത്ഥ വിനിയോഗ വിവരം ലഭ്യമല്ല.; ചില ഉദാഹരണങ്ങൾ താഴെ

| ക്രമമ.നം | ഇനം | ഫിസിക്കൽ | ചെലവഴിച്ച തുക | LSG വിഹിതം | റിമാർക്സ് |
|---|---|---|---|---|---|
| 1 | BRC | 10 | 574630 | 68907 | പെരുവള്ളൂർ പഞ്ചായത്ത ലെ BRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 2 | CRC | 10 | 348530 | 41794 | പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ CRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 3 | Free Text Book Primary | 2303 | 575750 | 69041 | പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| | Free Text Book-UP | 1517 | 606800 | 72765 | പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| 4 | Uniform 2 Set Govt. School Only | 1663 | 997800 | 119652 | പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര യൂണിഫോം വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ഓഡിറ്റ് എൻക്വയറി നമ്പർ-5/11.07.2025 ന് നൽകിയ മറുപടിയിൽ വിനിയോഗവിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. വിശദമായ വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1200000 രൂപ തടസ്സം ചെയ്യുന്നു.

## 1-27 കുഴൽകിണർ മോട്ടാർ സ്ഥാപിക്കൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽകിണർ മോട്ടാർ സ്ഥാപിക്കൽ പദ്ധതികൾ മുഖേന താഴെ പറയും പ്രകാരം ഭൂജല വകുപ്പ് മലപ്പുറം ജില്ലാ ഓഫീസർക്ക് തുക നൽകിയിട്ടുണ്ട് എന്നാൽ നാളിതുവരെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| അംഗൻവാടി കിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ (319/25) | 500000 (CFC) | 416000 | XVFC/2024-25/P/29, തി-18.10.2024 |
| തടത്തിൽ കോളനി വളപ്പിൽ അങ്കണവാടിയിലെ കുഴൽ കിണറിൽ മോട്ടോർ സ്ഥാപിക്കൽ (426/25) | 239000 (MG NR) | 239000 | 2415065200730l631609/21.3.25 |
| വാർഡ് 2 ലെ തടത്തിൽ കോളനി കുടിവെള്ളപദ്ധതി കുഴൽ കിണർ അറ്റകുറ്റപണി (389/25) | 25000 (തനത് ഫണ്ട്) | 5790 | 22400989/17.2.25 |
| | ആകെ | 6,60,790 | |

സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/11.7.25 ന് നൽകിയ മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് ആയത് വരെ ചെലവ് തുക 6,60,790 രൂപ തടസ്സം ചെയ്യുന്നു.

## 1-28 ഭവന നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

വി.ഇ.ഒ നിർവഹണം നടത്തിയ ലൈഫ് പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപറ്റിയ താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ലെന്ന് ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമായി . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)പ്രൊജക്റ്റ് -ഭൂമിയുള്ള ഭവന രഹിതർ-ജനറൽ(73/23)**

| ക്രമ നമ്പർ | ഗുണഭോക്താവ്/കരാർ നമ്പർ | ആകെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തിയതി |
|---|---|---|---|
| 1 | സരോജിനി W/O നാരായണൻ മുതല വീട്ടിൽ ഹൗസ്, വാർഡ് 14/22/LHG/2022-23 | 300000 | 23.01.2024 |
| 2 | കല്ല്യാണി W/O കോരുക്കുട്ടി, മേലെ ചേനാട് ഹൗസ്, വാർഡ് 14/28/LHG/2022-23 | 300000 | 07.12.2023 |
| 3 | സഫിയ W/O മുഹമ്മദ് കുട്ടി കൈതകത്ത് ഹൗസ്, വാർഡ് 1/43/LHG/2022-23 | 309878 | 10.03.2025 |
| 4 | സുമതി W/O രഘുനാഥൻ ചക്കങ്ങൽ ഹൗസ്, വാർഡ് 2/44/LHG/2022-23 | 200,000 | 27.06.2023 |
| 5 | കുഞ്ഞമ്മ W/Oവേലായുധൻ മേലെ ചേനാട് ഹൗസ്, വാർഡ് 14/46/LHG/2022-23 | 300000 | 29.12.2023 |
| 6 | ഹസീന W/O ഷാജഹാൻ നമ്പൻകുന്നത്ത് ഹൗസ്, വാർഡ് 3/51/LHG/2022-23 | 260,000 | 20.12.2024 |
| 7 | റൈഹാനത്ത് W/Oകബീർകൂട്ടുക്കടവൻ ഹൗസ്, വാർഡ് 14 /54/LHG/2022-23 | 300000 | 06.07.2023 |

| | | | |
|---|---|---|---|
| 8 | ഖദീജ W/O ഷബീറുദ്ധീൻ പാലപ്പെട്ടി ഹൗസ്, വാർഡ് 1/60/LHG/2022-23 | 200,000 | 29.12.2023 |
| 9 | ഹസീന W/O ജാഫർ, നെയ്യൻ ഹൗസ്, വാർഡ് 5/ 66/LHG/2022-23 | 3,60,000 | 20.12.2024 |

**2) പ്രൊജക്റ്റ് -ഭൂമിയുള്ള ഭവന രഹിതർ-ജനറൽ(74/23**

| ക്രമ നമ്പർ | ഗുണഭോക്താവ്/കരാർ നമ്പർ | ആകെ കൈപ്പറ്റിയ തുക | അവസാനം തുക കൈപ്പറ്റിയ തിയതി |
|---|---|---|---|
| 1 | കൊറ്റിക്കുട്ടി W/O കൊറ്റൻ,നാട്ടുക്കല്ലിങ്ങൽ ഹൗസ്, വാർഡ് 1/ 03/LH(SC)/2022-23 | 360000 | 08.01.2024 |
| 2 | വിജിഷ W/O ശ്രീജിത്ത് ബാബു, പടിഞ്ഞാറ്റു പറമ്പിൽ ഹൗസ്, വാർഡ് 11/ 17/LH(SC)/2022-23 | 300000 | 08.01.2024 |
| 3 | സരസ്വതി W/O വേലായുധൻ അമ്പാലുങ്ങൽ ഹൗസ്, വാർഡ് 12/19/LH(SC)/2022-23 | 360000 | 10.03.2025 |
| 4 | ഷിജി കെ W/O പ്രിജീഷ് പറമ്പൽ പീടിക ഹൗസ്, വാർഡ് 1/26/LH(SC)/2022-23 | 360000 | 09.05.2024 |
| 5 | ബിന്ദു D/Oകൊറ്റൻ, നാട്ടുകല്ലിങ്ങൽ ഹൗസ്, വാർഡ് 1/46/LH(SC)/2022-23 | 300000 | 09.05.2024 |
| 6 | രമ്യ W/O സുനിൽകുമാർ കുന്നംപള്ളി ഹൗസ്, വാർഡ് 1/33/LH(SC)/2022-23 | 360000 | 10.03.2025 |

| | | | |
|---|---|---|---|
| 7 | അജിത W/Oഷൈജു, കരുവൻ തടത്തിൽ ഹൗസ്, വാർഡ് 12/39/LH(SC)/2022-23 | 300000 | 08.03.2025 |
| 8 | രജനി W/O രാജൻ ചെമ്പായി മാട്ടിൽ ഹൗസ്, വാർഡ് 8/44/LH(SC)/2022-23 | 300,000 | 08.03.2025 |
| 9 | നിഷ W/Oരാജു, തടത്തിൽ ഹൗസ്, വാർഡ് 4 /62/LH(SC)/2022-23 | 300,000 | 13.02.2024 |
| 10 | സരോജിനി, ചുത്തുക്കവൽ ഹൗസ്, വാർഡ് 17 /683/LH(SC)/2022-23 | 3,60,000 | 06.02.2024 |
| 11 | ബേബി W/Oചന്ദ്രൻ മേലേമാട് ഹൗസ്, വാർഡ് 8 69LH(SC)/2022-23 | 300000 | 08.03.2025 |
| 12 | കാർത്യായനി തെക്കുംപറമ്പിൽ W/O കാരിക്കുട്ടി തെക്കുംപറമ്പിൽ ഹൗസ്, വാർഡ് 18 (കരാർ നമ്പർ ലഭ്യമല്ല. ) | 300000 | 19.08.2022 (17.02.2021 ന് ആണ് അഡ്വാൻസ് തുക കൈപറ്റിയത് ) |

**<u>3) അഡ്വാൻസ് കൈപ്പറ്റി-ഭവന നിർമ്മാണം ആരംഭിച്ചില്ല.</u>**

2022-23 വർഷത്തിൽ ഭവന നിർമ്മാണം എസ് സി പദ്ധതി പ്രകാരം കരാർ ചമച്ച് (67/LH(SC)/2022-23) അഡ്വാൻസ് തുക 40000 രൂപ 30.08.2022(ബിൽ നമ്പർ 09/2022-23) കൈപ്പറ്റിയ സുചിത്ര W/O ശശിധരൻ ,ആലക്കാപറമ്പിൽ ഹൗസ് , വാർഡ് 5 എന്ന ഗുണഭോക്താവ് ഭവന നിർമ്മാണം തുടങ്ങുകയോ തുടർ ഗഡുക്കൾ കൈപ്പറ്റിയതാ2018px0യോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/17.07.2025) പട്ടിക 1 ലെ ക്രമ നമ്പർ 1,2,5 എന്നീ ഗുണഭോക്താക്കൾ നിലവിലെ സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവസാന ഗഡു ഉടനെ തന്നെ അനുവദിക്കുന്നതാണെന്ന് അറിയിച്ചു. പട്ടിക 1 ലെ അവശേഷിക്കുന്ന ഗുണഭോക്താക്കളും പട്ടിക 2 ലെ ഗുണഭോക്താക്കളും ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ക്രമ നമ്പർ 3 പ്രകാരമുള്ള സുചിത്ര എന്ന ഗുണഭോക്താവ് ഈ സാമ്പത്തിക വർഷം വീട് പണി പൂർത്തിയാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും അല്ലാത്ത പക്ഷം ടിയാളിൽ നിന്നും മുൻകൂർ നൽകിയ തുക

തിരിച്ചടയ്ക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി
തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 വീട് വാസയോഗ്യമാക്കൽ പദ്ധതി- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ വീട് വാസയോഗ്യമാക്കൽ പദ്ധതികൾ (ജനറൽ, എസ് സി)പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ വീട് പുനരുദ്ധാരണത്തിന് അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല (ലഭ്യമാക്കിയ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം) . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ്/ പ്രൊജക്റ്റ് | കരാർ നമ്പർ | കൈപ്പറ്റിയ അഡ്വാൻസ് തുക/തിയതി |
|---|---|---|---|
| 1 | അസ്മാബി D/O അബൂബക്കർ, തെക്കുംപറമ്പിൽ ഹൗസ്, വാർഡ് 18 വീട് വാസയോഗ്യമാക്കൽ-ജനറൽ | 35/HUG/2022-23 | 20000/24.12.2022 |
| 2 | ദേവു W/O നാവൂട്ടി വട്ടപ്പറമ്പിൽ വാർഡ് 1 വീട് വാസയോഗ്യമാക്കൽ-എസ് സി | 14/HUG/2022-23 | 30000/10.02.2023 |

മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് അവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 37/17.07.2025) ക്രമ നമ്പർ 1 ഗുണഭോക്താവ് നാളിതുവരെയായിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും നേരിട്ട് ബന്ധപ്പെട്ടതിൽ ടിയാൻ പൂർത്തീകരിക്കുന്നതിന് സാവകാശം തേടിയിട്ടുണ്ടെന്നും പൂർത്തീകരിക്കുന്നില്ലായെങ്കിൽ തുക തിരിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 2 ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും 61000 രൂപയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഓവർസിയർ നൽകിയിട്ടുണ്ടന്നും ആയത് പ്രകാരമുള്ള അവശേഷിക്കുന്ന തുക ടിയാന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.
തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-30 അംഗനവാടിക്ക് വിഹിതം നൽകൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ഗ്രാമ പഞ്ചായത്തിലെ സിദ്ധീഖാബാദ് അങ്കൺവാടി നിർമ്മാണത്തിന് വിഹിതം നൽകൽ എന്ന പദ്ധതി മുഖേന താഴെ പറയും പ്രകാരം എൻ. ആർ.ഇ.ജി .എസ് മിഷൻ ഡയറക്ടർക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രസ്തുത പ്രവൃർത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. വിശദ വിവരം ചുവടെ

| പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| എം.ജി എൻ. ആർ.ഇ.ജി എസ്ൽ ഉൾപ്പെടുത്തി സിദ്ധീഖാബാദ് അംഗനവാടി നിർമ്മാണം (194/25) | 500000 ( വികസന ഫണ്ട് ജനറൽ) | 500000 | 24150652007300211146 /17.6.24 |
| സിദ്ധീഖാബാദ് അംഗനവാടിക്ക് വിഹിതം നൽകൽ (379/25) | 200000 ( വികസന ഫണ്ട് ജനറൽ) | 200000 | 24150652007301081951/23.12.24 |
| | ആകെ | 7,00,000 | |

സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ പ്രവൃത്തിയുടെ പുരോഗതി വിവരം ആരായുകയോ ചെയ്തതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/14.7.25 ന് നൽകിയ മറുപടിയിൽ പൂർത്തീകരണവിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് . ആയത് വരെ ചെലവ് തുക 7,00,000 രൂപ തടസ്സം ചെയ്യുന്നു

## 1-31 പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം/പ്രൊജക്ടർ വാങ്ങൽ - വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം/പ്രൊജക്ടർ വാങ്ങൽ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തൃശൂർ പൊതു മരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് തുക നൽകിയിട്ടുണ്ട് . എന്നാൽ നാളിതുവരെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. വിശദ വിവരം ചുവടെ.

| പ്രോജക്ട് | ഡിമാന്റ് ലെറ്റർ | അടങ്കൽ | ചെലവ് | വൗച്ചർനമ്പർ |
|---|---|---|---|---|
| പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം/ പ്രൊജക്ടർ വാങ്ങൽ (391/25) | പാലക്കാട് ഇലക്ട്രോണിക്സ് ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ | 2,50,000 തനത് ഫണ്ട് | 2,50,000 | 22401252/30.3.25 |

| | | | | |
|---|---|---|---|---|
| | AEEELC-SDOPKD/86/2025-C2-PWD/12.03.2025 നമ്പർ കത്ത് | | | |
| | ആകെ | | 2,50,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/15.7.25ന് നൽകിയ മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. മേൽ തുകയുടെ പൂർത്തീകരണ/ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.ആയത് വരെ ചെലവ് തുക 2,50,000 രൂപ തടസ്സം ചെയ്യുന്നു.

## 1-32 മുൻകൂർ ക്രമീകരിച്ചില്ല.

ILGMS വൗച്ചർ ,മുൻകൂർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ജീവനക്കാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകിയ താഴെ പറയുന്ന മുൻകൂർ തുകകൾ നാളിതു വരെ ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ.

| ഇനം | നൽകിയ തുക | വൗച്ചർനമ്പർ | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|
| ഫെസ്റ്റിവൽ അഡ്വാൻസ് | 75000 | 22400366/ 10.9.24 | 65000 | 10,000 | അഡ്വാൻസ് രജിസ്റ്റർ പ്രകാരംം ശ്രീമതി.റസിയ കെ. ഇ. എന്ന ജീവനക്കരിക്ക് നൽകിയ 10,000 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. |
| ഹെൽത്ത് ഗ്രാന്റ് | 36791 | 22401261/ 31.3.25 | 0 | 36,791 | രോഗ നിർണ്ണയ അടിസ്ഥാന സൗകര്യ വികസനത്തിനായി മെഡിക്കൽ ഓഫീസർ CHC ക്ക് നൽകിയത് |
| വീട്ടിർമ്മാണ ധനസഹായം | 980000 | 22400969/ 6.12.24 | 880000 | 1,00,000 | ലൈഫ് ഭവന പദ്ധതി വീട്ടിർമ്മാണ ധനസഹായം VEO ക്ക് കൈമാറിയത് |
| വാർഡ് തല ശുചിത്വ മിഷൻ ഫണ്ട് | 180000 | 22400102/ 31.3.25 | 0 | 1,80,000 | വാർഡ് തല ശുചിത്വ മിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർക്ക് കൈമാറിയത് |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/15.7.25 ന് മറുപടി നൽകിയിട്ടില്ല . മേൽ തുക ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 ഹരിത കർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ഹരിത കർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ- എന്ന പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് കിലോഗ്രാമിന് 6.40 രൂപ

നിരക്കിൽ ഗ്രീൻ വേംസ് എക്കോസൊലൂഷൻ എന്ന സ്ഥാപനത്തിന് 11,85,232 രൂപ നൽകിയിട്ടുണ്ട് .

| പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർനമ്പർ |
|---|---|---|---|
| ഹരിത കർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കൽ(151/25) | 11,00,000 CFC,90,000 Own Fund | 477344 | XVFC/24-25/P/14/9.8.24 |
| | | 422656 | XVFC/24-25/P/86/19.3.25 |
| | | 197104 | XVFC/24-25/P/87/19.3.25 |
| | | 88128 | 22400985/17.2.25 |
| ആകെ | | 1185232 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ,ടെണ്ടർ ക്ഷണിച്ചതിന്റെ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. മാലിന്യങ്ങൾ നൽകിയ ഗ്രീൻ വേംസ് എക്കോസൊലൂഷൻ എന്ന സ്ഥാപനവുമായി കരാർ ചമച്ചതിന്റെ കാലാവധി 2024 ഡിസംബർ വരെയാണ് എന്നാൽ കരാർ കാലാവധി പുതുക്കാതെയാണ് 2025 ജനുവരി മുതൽ മാർച്ച് വരെ മാലിന്യം നൽകിയത്.

2. എം.സി.എഫ് നേരിട്ട് സന്ദർശിച്ചതിൽ മാലിന്യങ്ങൾ ഗ്രീൻ വേംസ് എക്കോസൊലൂഷൻ യഥാസമയം നീക്കം ചെയ്യാതെ മഴ നനഞ്ഞ് എം.സി.എഫിൽ കൂട്ടിയിട്ടതായി കണ്ടു.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 49/18.7.25 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-34 ഡിജി കണക്റ്റ് -ഗ്രാമ പഞ്ചായത്ത് സോഷ്യൽ മീഡിയാ പ്രവർത്തനങ്ങൾ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ഡിജി കണക്റ്റ് -ഗ്രാമ പഞ്ചായത്ത് സോഷ്യൽ മീഡിയാ പ്രവർത്തനങ്ങൾ- എന്ന പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിന്റെ ക്ഷേമ പദ്ധതികളേയും വികസന പദ്ധതികളേയും സംബന്ധിക്കുന്ന വിവരങ്ങൾ സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ വഴി ജനങ്ങളുമായി പങ്കുവെക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം 1035/2023/LSGD തീയതി.15.05.23 പ്രകാരം Digi Trace People Connect LLP എറണാംകുളം എന്ന സ്ഥാപനത്തിന് താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്

| പ്രോജക്ട് | ഇൻവോയ്സ് | അടങ്കൽ | ചെലവ് | വൗച്ചർനമ്പർ |
|---|---|---|---|---|
| ഡിജി കണക്റ്റ് -ഗ്രാമ പഞ്ചായത്ത് സോഷ്യൽ മീഡിയാ പ്രവർത്തനങ്ങൾ-(341/25) | 6/5.03.2025 149000 | 150000 | 116816 + 2384 IT | 22401220/29.3.25 |

| | | | | |
|---|---|---|---|---|
| | | തനത് ഫണ്ട് | | |
| | ആകെ | | 119000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ തെരെഞ്ഞെടുത്തു. 24500 രൂപ അധിക ചെലവ്

ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ സർക്കാർ ഉത്തരവ് (പി) 3/2013/SPD തിയതി. 21.8.2013 ന് വിരുദ്ധമായി പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Horizone Media Paravur എന്ന സ്ഥാപനത്തെ തഴഞ്ഞ് കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത Digi Trace People Connect LLP എറണാകുളം എന്ന സ്ഥാപനത്തെ തെരെഞ്ഞെടുക്കുക വഴി ഗ്രാമ പഞ്ചായത്തിന് 24500 രൂപ അധിക ചെലവ് ഉണ്ടായി.

| Digi Trace People Connect LLP ക്വാട്ട് ചെയ്ത നിരക്ക് (L2) | Horizone Media Paravur ക്വാട്ട് ചെയ്ത നിരക്ക് L1 | അധികം |
|---|---|---|
| 149000 | 124500 | 24500 |
| | ആകെ | 24500 |

2. ഗ്രാമ പഞ്ചായത്ത് Digi Trace People Connect LLP എറണാകുളവുമായി ചമച്ച കരാർ നമ്പർ 10/3.1.25 വ്യവസ്ഥ 1 പ്രകാരം പ്രസ്തുത സ്ഥാപനം ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വിവരങ്ങളും ഉൾപ്പെടുന്ന സംവേദനക്ഷമമായ ഒരു ഔദ്യോഗിക വെബ് സൈറ്റ് തയ്യാറാക്കി നൽകേണ്ടതാണ് എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3.മേൽ കരാറിലെ വ്യവസ്ഥ 2 പ്രകാരം ഗ്രാമ പഞ്ചായത്ത് നൽകുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് 24*7 മണിക്കൂറും ഉപയോഗിക്കുന്നതിന് രണ്ടോ അതിലധികമോ പ്രാദേശിക ഭാഷകളിൽ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ആയത് വഴി അപേക്ഷ സമർപ്പിക്കാൻ സൗകര്യമുള്ളതുമായAI സപ്പോർട്ടോടു കൂടിയ വാട്ട്സ് ആപ്പ് ചാറ്റ് ബോട്ട് തയ്യാറാക്കി നൽകേണ്ടതുമാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4.കരാർ വ്യവസ്ഥ 4 പ്രകാരം ഗ്രാമ പഞ്ചായത്തിനുവേണ്ടി ഫേസ്ബുക്ക്,ഇൻസ്റ്റഗ്രാം,യുട്യൂബ് ചാനൽ ,വാടസ് ആപ്പ്, വാട്ട്സ് ആപ്പ് ചാറ്റ് ബോട്ട്, വെബ്സൈറ്റ് എന്നിവയിൽ പേജ്,ചാനൽ, ലോഗിൻ ഐഡി എന്നിവ തയ്യാറാക്കി നൽകേണ്ടതാണ് എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

5.കരാർ വ്യവസ്ഥ 12 പ്രകാരം കരാറിലെ വ്യവസ്ഥ 1,2,3,4, എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്കാണ് കരാർതുകയുടെ 80% നൽകേണ്ടത് എന്നാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് 119000 രൂപ കരാർ സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/18.7.25 ന് ലഭ്യമാക്കിയ മറുപടിയിൽ വെബ്സൈറ്റ് ഐ.ഡി ഹാജരാക്കി .എന്നാൽ പ്രസ്തുത വെബ്സൈറ്റുകളിൽ പൊതുജനങ്ങൾക്ക് ആയത് വഴി അപേക്ഷ സമർപ്പിക്കുവാനും

[illegible] ഏർപ്പെടുത്തിയിട്ടില്ല. കരാർ പ്രകാരമുള്ള മുഴുവൻ സൗകര്യങ്ങളും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 119000 രൂപ തടസ്സം ചെയ്യുന്നു.

**1-35 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ**

സെക്രട്ടറി നിർവ്വഹണം നടത്തിയ വെളിച്ചം -പാതയോരങ്ങളിൽതെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ( 1 എണ്ണം സ്ഥാപിക്കുന്നതിന് 5750 രൂപ) ക്രൂസ് കാസർകോട് എന്ന സ്ഥാപനത്തിൽ നിന്നും 34 LED ബൾബുകൾ (24W )സ്ഥാപിക്കുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഇൻവോയ്സ് | വൗച്ചർ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|
| വെളിച്ചം -പാതയോരങ്ങളിൽതെരുവ് വിളക്ക് സ്ഥാപിക്കൽ (280/25) | 200000 CFC | KREWS/159/23-24-25/27.3.24 (24 W Streetlight Installation)34 X 5750 | XVFC/24-25/P/100/26.3.25 | 1,76,686 |
| | | | IT | 3314 |
| | | | Retention | 15500 |
| ആകെ | 200000 | | | 195500 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ.ഉ(സാധാ)1093/2017/തസ്വ.ഭവ തിയതി5.4.2017 നമ്പർ ഉത്തരവ് പ്രകാരമാണ് ക്രൂസിനെ പ്രസ്തുത പദ്ധതി ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത സർക്കാർ ഉത്തരവിൽ ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് പൂർണ്ണമായും സ്വന്തമായി നിർമ്മിച്ച ഇലക്ട്രിക്കൽ അനുബന്ധ ഉപകരണങ്ങൾ മാത്രമേ നേരിട്ടു വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളൂ. എന്നാൽ ഗ്രാമ പഞ്ചായത്ത് സ്ഥാപിച്ച തെരുവ് വിളക്ക് ഉപകരണങ്ങൾ കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് സ്വന്തമായി നിർമ്മിച്ചവയാണോ എന്ന് ഇൻവോയ്സിൽ വ്യക്തമാക്കിയിട്ടില്ല.

2.കരാർ സ്ഥാപനം തയ്യാറാക്കിയ സാക്ഷ്യപത്രത്തിൽ ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ ഒപ്പു രേഖപ്പെടുത്തിയതിന്റെയടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം മെമ്പർമാർ ഒപ്പുവെച്ച സാക്ഷ്യപത്ര പ്രകാരം 33 സ്ട്രീറ്റ് ലൈറ്റുകൾ ആണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ 34 സ്ട്രീറ്റ് ലൈറ്റുകൾക്ക് തുക അനുവദിച്ചിട്ടുണ്ട് വിശദ വിവരം ചുവടെ

| മെമ്പർമാർ ഒപ്പുവെച്ച സാക്ഷ്യപത്ര പ്രകാരം നൽകാവുന്നതുക | നൽകിയത് | അധികം | അഭിപ്രായം |
|---|---|---|---|
| 33 X 5750=189750 | 34 X 5750=195500 | 5750 | മെമ്പറുടെ സാക്ഷ്യ പത്രത്തിൽ വാർഡ് 8 ലെ 2 സ്ട്രീറ്റ് ലൈറ്റുകൾ ആണ് സ്ഥാപിച്ചിട്ടുള്ളത് എന്നാൽ 3 എണ്ണത്തിന് തുക അനുവദിച്ചു. |
| | ആകെ | 5750 | |

3. വാർഡ് 7,12,17 എന്നീ വാർഡുകളിലെ മെമ്പർമാർ സാക്ഷ്യപത്രത്തിൽ ഒപ്പുവെക്കുകയോ പോസ്റ്റ്നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.
തദ്ദശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021/SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് എജൻസികൾ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

5) സർക്കുലർ നമ്പർ 3055/ഡി.എ 3/2011 തിയതി 15.09.2011 പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃർത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം(കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ,വാട്ട്,വാർഡ് നമ്പർ , വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

6)പഞ്ചായത്ത് ഡയറക്ടറുടെ നം.ജി2-44274/2015 തി. 17.08.15 കത്ത് പ്രകാരം, വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം.കേടായ സാധനങ്ങൾ ആതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം.ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം ആയതിന്റെ കൃത്യത ഉറപ്പാക്കണം. പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

7.30.9.24 ലെ ഗ്രാമ പഞ്ചായത്ത് തീരുമാനം നമ്പർ 10(1) പ്രകാരം ക്രൂസ് സ്ഥാപിച്ച 23-24 ലെ മിക്ക തെരുവിളക്കുകളും വാറണ്ടി പിരീയഡിൽ തന്നെ കേടായതായും നിരവധി തവണ വിവരം അറിയിച്ചിട്ടും കേടായ തെരുവിളക്കുകൾ ഒന്നും തന്നെ ശരിയാക്കി നൽകിയിട്ടില്ല എന്നും, നിയമനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചെങ്കിലും ഗ്രാമ പഞ്ചായത്ത് നിയമനടപടികൾ സ്വീകരിക്കാതെ തുടർന്നും പദ്ധതി ക്രൂസിനെ ഏൽപ്പിച്ചത് ക്രമ പ്രകാരമല്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/16.7.2025 ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു.മേൽ അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 5750 രൂപ തിരികെ ഈടാക്കേണ്ടതുമാണ്.അപാകതകൾ പരിഹരിക്കുന്നത് വരെ 189750 (195500-5750) രൂപ തടസ്സം ചെയ്യുന്നു.

## 1-36 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിക്കായി താഴെ പറയും പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| പദ്ധതി: | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ ( As Per Cash Book) |
|---|---|---|---|
| പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് **(2/25)** | 2075000 (13,25,000 വികസനഫണ്ട് എസ്.സി.പി +7,50,000 ജില്ലാ പഞ്ചായത്ത് വിഹിതം) | 465000 | 215/12.12.24 |
| | | 140000 | 216/23.12.24 |
| | | 190000 | 217/23.12.25 |
| | | 90000 | 218/23.12.25 |
| | | 65000 | 275/20.01.25 |
| | | 40000 | 505/30.12.25 |
| | | 570000 | 555/3.3.25 |
| | | 165000 | 439/11.3.25 |
| | ആകെ | 1725000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

സർക്കാർ ഉത്തരവ് (കൈ) നമ്പർ /**115/2022**/ത.സ്വ.ഭ.വ തിയതി **28.05.2022** സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക **7.2.4(11)** പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് തെട്ടടുത്ത ഗ്രാമ സഭ അംഗീകരിണമെന്നും വിദ്യാർത്ഥികളുടേയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ആയത് പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/16.7.25 ന് നൽകിയ മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റ് തെട്ടടുത്ത ഗ്രാമ സഭ അംഗീകരിച്ചിട്ടുണ്ടന്നും ഭാവിയിൽ വിദ്യാർത്ഥികളുടേയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചു. ഭാവിയിൽ വിദ്യാർത്ഥികളുടേയും കോഴ്സുകളുടേയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## <u>1-37 വായനശാലകൾക്കും ക്ലാസ് റൂമുകൾക്കും ദിനപത്രം - അപാകത സംബന്ധിച്ച്.</u>

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ വായനശാലകൾക്കും ക്ലാസ്സുമുകൾക്കും ദിനപത്രം എന്ന പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിലെ 10 പ്രൈമറി സ്കൂളുകളിൽ നവംബർ 1 മുതൽ 10 മാസത്തേക്ക് പത്രം വിതരണം ചെയ്യുന്നതിനായി താഴെപറയും പ്രകാരം മനോരമ സർക്കുലേഷൻ സീനിയർ എക്സിക്യൂട്ടീവിന്റെ 01.10.24 ലെ കത്ത് പ്രകാരം തുക നൽകിയിട്ടുണ്ട് .

| പ്രോജക്ട് | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| വായനശാലകൾക്കും ക്ലാസ്സുമുകൾക്കും ദിനപത്രം - (70/25) | 50000 (തനത് ഫണ്ട്) | 49000 | 22400466/24.10.24 |
| | ആകെ | 49000 | |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മനോരമ ഒക്ടോബർ 2025 വരെ പത്രം വിതരണം ചെയ്യേണ്ടതായിരുന്നു.പത്രം വിതരണം ചെയ്ത് തീരുന്നതിന് മുമ്പ് തുക അഡ്വാൻസായി നൽകി.

2.പത്രം ലഭിച്ചതായി ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർ സാക്ഷ്യപത്രം ലഭ്യമാക്കാതെ തുക അനുവദിച്ചു. സാക്ഷ്യ പത്രങ്ങൾ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഹാജരാക്കി .എന്നാൽ സാക്ഷ്യ പത്രത്തിൽ എത്ര പത്രം ലഭിച്ചു എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.
3. എത്ര പത്രം വിതരണം ചെയ്തു എന്നത് സംബന്ധിച്ച് മനോരമ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/16.7.25 ന് മറുപടി നൽകിയിട്ടില്ല. ഇൻവോയ്സ്,കൈപ്പറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 49000 രൂപ തടസ്സം ചെയ്യുന്നു.

## 1-38 ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീ അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് വരുന്നില്ല.

ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ജി.ഒ. (എം.എസ്).3186/2017/ത.സ്വ.ഭ.വ, തിയതി-2-10-2017 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഈ ആവശ്യത്തിന് വേണ്ടി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ പേരിൽ 26.9.2024 ന് എസ്.ബി.ഐ, ചേളാരിയിൽ 43381053152 നമ്പരിലുള്ള കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് നാളിതു വരെ ഇ-ടെണ്ടർ സൈറ്റുമായി മാപ്പിംഗ് നടത്തിയിട്ടില്ല. ഇക്കാരണത്താൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കേണ്ട വരവ് തുക അക്കൗണ്ടിൽ ക്രഡിറ്റ് വരുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-36/2024-25/17.7.2025 ന് പ്രസ്തുത അക്കൗണ്ട് മാപ്പ് ചെയ്യുന്നതിന് അപേക്ഷ നൽകിയിരുന്നുവെന്നും അക്കൗണ്ടിലേക്ക് ടെണ്ടർ ഫീ ക്രഡിറ്റ് വരാത്തത് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോഴാണ് അറിയാൻ കഴിഞ്ഞതെന്നും അസി.എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് ഇ-ടെണ്ടർ സൈറ്റുമായി മാപ്പ് ചെയ്യുന്നതിനായി വീണ്ടും അപേക്ഷിക്കുമെന്നും ആയത് മാപ്പ് ചെയ്തു എന്ന് ഉറപ്പ് വരുത്തുന്നതുമാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അക്കൗണ്ട് മാപ്പിംഗ് നടത്തി ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക അക്കൗണ്ടിലേക്ക് ക്രഡിറ്റ് വാങ്ങി ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-39 ബഡ്സ് സ്ക്കൂൾ നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ബഡ്സ് സ്ക്കൂൾ പൂർത്തീകരണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 7 ലക്ഷം രൂപ വകയിരുത്തുകയും 532388 രൂപ ചെലവഴിച്ച് (ബിൽ റഫറൻസ് നം. 24150652034800152976/10.7.2024) വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടൈൽ പതിക്കൽ, പെയിന്റിംഗ്, സാനിറ്ററി ഫിറ്റിംഗ്സ്, വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്നിവയാണ് പൂർത്തീകരണ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും കെട്ടിടത്തിൽ നാളിതു വരെ ബഡ്സ് സ്ക്കൂൾ

ആരംഭിച്ചിട്ടില്ല. 18.7.2025 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടം വൃത്തിഹീനമായ അവസ്ഥയിലാണ് കാണപ്പെട്ടത്. മേൽ പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ച പല സാനിറ്ററി ഉപകരണങ്ങളും കേട് വരികയോ ഉപയോഗ ശൂന്യമാകുകയോ ചെയ്തിട്ടുണ്ട്. കെട്ടിടം ലോക്കിട്ട് അടക്കാത്തതിനാൽ സാമൂഹ്യ വിരുദ്ധരുടെ ശല്യവും ഉണ്ട്. ബഡ്സ് സ്ക്കൂളിനായി അസി. സെക്രട്ടറി നിർവ്വഹണം നടത്തി 153904 രൂപ ചെലവഴിച്ച് വാങ്ങിയ ഫർണീച്ചറുകളും സെക്രട്ടറി നിർവ്വഹിച്ച ഇലക്ട്രിഫിക്കേഷന്റെ ഭാഗമായി സ്ഥാപിച്ച ഇലക്ട്രിക് ഉപകരണങ്ങളും (ഫാൻ, ട്യൂബ് എന്നിവ) പൊടി പിടിച്ച് കേടാവുന്ന അവസ്ഥയിൽ കെട്ടിടത്തിനകത്തുണ്ട്. ബഡ്സ് സ്ക്കൂൾ പ്രവർത്തനം ആരംഭിക്കാത്തതിനാൽ കെട്ടിടവും ഉപകരണങ്ങളും ഫർണീച്ചറുകളും മുടങ്ങിക്കിടക്കുന്ന അവസ്ഥയിലാണുള്ളത്.

ബഡ്സ് സ്ക്കൂൾ കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നത് എക്സിറ്റ് മീറ്റിംഗിൽ ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തി. ബഡ്സ് സ്ക്കൂൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നുവെന്നും താമസം വിനാ ബഡ്സ് സ്ക്കൂൾ പ്രവർത്തനക്ഷമമാക്കുമെന്നും പ്രസിഡന്റ് മീറ്റിംഗിൽ അറിയിച്ചു.

ബഡ്സ് സ്ക്കൂൾ പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-40 ഉങ്ങുങ്ങൽ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ഉങ്ങുങ്ങൽ അങ്കണവാടി കെട്ടിട നിർമ്മാണം നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി നാളിതു വരെയുള്ള ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേരും വിശദാംശങ്ങളും | നൽകിയ ബിൽ തുക | വൗച്ചർ നം. |
|---|---|---|
| ഉങ്ങുങ്ങൽ അങ്കണവാടി നിർമ്മാണം<br>പ്രോജക്ട് നം. 259/24, 251/25 (സ്പിൽഓവർ)<br>അടങ്കൽ- 26 ലക്ഷം<br>TS-2594000<br>TS നമ്പർ-91085/2023-24/11.1.2024<br>കരാറുകാരൻ- ശ്രീ. പി.അബ്ദുൽ അസീസ്<br>എഗ്രിമെന്റ്-57/14.3.2024 | 498896 ( പാർട്ട് ബിൽ)<br>223132 ( പാർട്ട് ബിൽ)<br>501104 ( പാർട്ട് ബിൽ)<br>ആകെ **12,23,132** | 22400419/3.10.2024<br>22401208/29.3.2025<br>22401228/29.3.2025 |

| | | |
|---|---|---|
| പൂർത്തീകരണ കാലയളവ്-10 മാസം | | |

മൊത്തം 12,23,132 രൂപ കെട്ടിട നിർമ്മാണത്തിനായി നാളിതു വരെ ചെലവഴിച്ചിട്ടുണ്ട്. അങ്കണവാടിയുടെ സ്ട്രക്ചർ വർക്ക് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരണ കാലയളവ് അവസാനിച്ചിട്ടും അങ്കണവാടി നിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-34/17.7.2025 നുള്ള മറുപടിയിൽ പഴയ അങ്കണവാടി കെട്ടിടം ലേല നടപടികൾ പൂർത്തീകരിച്ച് 30.7.2024 നാണ് പൊളിച്ച് മാറ്റിയതെന്നും 10.8.2024 നാണ് പുതിയ അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിച്ചതെന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പല ഇനം പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതായും കൂടാതെ അപ്രതീക്ഷിതമായി വന്ന കാലവർഷവും പ്രവൃത്തി വൈകുന്നതിന് കാരണമായതായും അറിയിച്ചു. നിലവിൽ 80% വർക്കുകളും പൂർത്തീകരിച്ചുവെന്നും മൂന്ന മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയതായും മറുപടിയിൽ അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

മേൽ അങ്കണവാടി കെട്ടിടം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-41 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ 13 വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനുട്സുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തെ പദ്ധതി ചർച്ച ചെയ്യുന്നതിന് ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് മേൽ യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക്

അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കാത്തതിനാൽ കാര്യക്ഷമമായ പദ്ധതി മോണിറ്ററിംഗ് നടന്നിട്ടില്ലെന്ന് കാണുന്നു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-42 പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, നിർവഹണം നടത്തിയ പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | മുൻകൂർ നൽകിയ തുക | ബിൽ റഫറൻസ് നം/തിയതി | പ്രഫോർമ ഇൻവോയ്സ് |
|---|---|---|---|
| പാലിയേറ്റീവ് പരിചരണം<br>പ്രോജക്ട് നം. 144/25<br>അടങ്കൽ- 2500000<br>ചെലവ് തുക- 1490671 | 750000 | 241506520353014933309/ 14.3.2025 | PRF 3417/3.2.2025 |

എന്നാൽ മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായതായി വിവരമില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 20/2024-25/ 16.7.2025 ന് മരുന്ന് ലഭ്യമായിട്ടില്ലെന്നും ഇത് സംബന്ധിച്ച് കെ.എം.എസ്.സി.എൽ ന് കത്ത് നൽകിയിട്ടുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മരുന്ന് പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-43 പാലിയേറ്റീവ് -വാഹന വാടക -ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്. സി )നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പരിരക്ഷ പദ്ധതി 144/25 പ്രോജക്ടിന്റെ ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി ദിവസ വാടക 1100 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 262900 രൂപ കരാറുകാരന് (ശ്രീ.അസ്സെൻ )നൽകിയിട്ടുണ്ട്. ഒരു കരാർ പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act , Sec. 194 C പ്രകാരം, അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമായിരുന്നു. എന്നാൽ ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ബിൽ റഫറൻസ് നം/ തീയ്യതി** | **വാഹന വാടക നൽകിയത്** | **ഈടാക്കേണ്ട ആദായ നികുതി** |
|---|---|---|
| 24150652035300198342/14.6.2024 | 23100 | |
| 24150652035300307470/05.07.2024 | 44000 | |
| 24150652035300425364/22.07.2024 | 22000 | |
| 24150652035301029871/09.01.2025 | 22000 | |
| 24150652035301029879/21.01.2025 | 80300 | **2630** |
| 24150652035301505396/14.03.2025 | 22000 | |
| 24150652035301505398/14.03.2025 | 28600 | |
| 24150652035301505409/14.03.2025 | 20900 | |
| ആകെ | 262900 | |

ആദായ നികുതി കുറവ് ചെയ്യാതെ പണം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-21/2024-25/16.7.2025 നുള്ള മറുപടിയിൽ അറിവില്ലായ്മ മൂലമാണ് നികുതി ഈടാക്കാൻ വിട്ട് പോയതെന്നും മേലിൽ നികുതി തുക കുറവ് ചെയ്ത് മാത്രമേ തുക നൽകുകയുള്ളുവെന്നും അറിയിച്ചിട്ടുണ്ട്.

മേലിൽ വാഹന വാടക നൽകുമ്പോൾ നിയമ പ്രകാരമുള്ള ആദായ നികുതി കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## <u>1-44 ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നാളിതു വരെ പ്രയോജനപ്പെടുത്തിയിട്ടില്ല.</u>

ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതിയിൽ ടേക്ക് എ ബ്രേക്ക് പൂർത്തീകരണത്തിനായി 536300 രൂപ വകയിരുത്തുകയും 208840 രൂപ ചെലവഴിച്ച് (വൗച്ചർ നം. 22401198/29.3.2025) വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 18.7.2025 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ടോയ്‌ലറ്റും അനുബന്ധ സൗകര്യങ്ങളും നാളിതു വരെ പൊതു ജനത്തിന് തുറന്ന കൊടുത്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ടോയ്‌ലറ്റ് നിർമ്മിച്ച കോമ്പൗണ്ടിൽ ഭൂജല വകുപ്പ് മുഖേന 2023-24 വർഷത്തിൽ കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. എന്നാൽ

ജലം ലഭ്യമായിട്ടില്ല. ജല ലഭ്യത ഉറപ്പ് വരുത്താതെ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തിയതിനാൽ കെട്ടിടവും അനുബന്ധസൗകര്യങ്ങളുമൊരുക്കിയത് നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.

ടേക്ക് എ- ബ്രേക്ക് തുറന്ന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-48/21.7.2025 നുള്ള മറുപടിയിൽ ഇത് സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല. ഭൂജല വകുപ്പ് മുഖേന കുഴൽ കിണർ കുഴിച്ചെങ്കിലും വെള്ളം കിട്ടിയില്ലെന്നും പിന്നീട് സന്നദ്ധ സേവനം വഴി കുഴൽ കിണർ ആഴം കൂട്ടിയപ്പോൾ വെള്ളം ലഭിച്ചുവെന്നും ഈ വർ ഷം തന്നെ മോട്ടോർ സ്ഥാപിച്ച് മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് ടേക്ക്- എ- ബ്രേക്ക് പ്രവർത്തനക്ഷമമാക്കുമെന്നും പ്രസിഡൻറ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

ടേക്ക്- എ- ബ്രേക്ക് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-45 അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക് സൂക്ഷിപ്പ്

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം സർക്കാരിന് വേണ്ടി പണം കൈപ്പറ്റുന്ന ഓരോ ഉദ്യോഗസ്ഥനും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്. അസി. എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് /ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അത് കൊണ്ട് തന്നെ ക്യാഷ് ബുക്കിൽ എല്ലാ പണമിടപാടുകളും പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്ക് അപൂർണ്ണമാണ്. ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ വന്ന തുക ബാലൻസായി നില നിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടുകളിലെ പണമിടപാടുകൾ ക്യാഷ് ബുക്കിൽ എൻട്രി വരുത്താതിരിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല.

3. കാഷ്ബുക്കിൽ ദൈനംദിന/പ്രതിമാസ / വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.

4. പണമിടപാടുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തുന്നില്ല. വരവ് തുകയുടെ Source, രശീതി നം./ ബിൽ നം. എന്നിവ വരവ് ഭാഗത്തും ചെലവ് ഭാഗത്ത് വൗച്ചർനം., തിയതി തുടങ്ങിയ വിവരങ്ങളും എൻട്രി വരുത്തുന്നില്ല. ഓരോ പണമിടപാടുകളും കൃത്യമായി തിയ്യതി, ക്ലാസിഫിക്കേഷൻ എന്നിവ സഹിതം രേഖപ്പെടുത്തുകയോ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-35/2024-25/17.7.2025നുള്ള മറുപടിയിൽ ക്ലാർക്കിന്റെ സേവനം ലഭ്യമല്ലാത്തതിനാലാണ് ക്യാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാൻ കഴിയാതിരുന്നതെന്നും 9.7.2025 മുതൽ താൽക്കാലിക ക്ലാർക്കിനെ നിയമിച്ചിട്ടുണ്ടെന്നും മേലിൽ സാമ്പത്തിക ഇടപാടുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്.

ക്യാഷ് ബുക്ക് സൂക്ഷിപ്പ് തുടർന്നുള്ള ഓഡിറ്റുകളിൽ നിരീക്ഷിക്കുന്നതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ചുള്ള പരിശോധന

ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിൽ (എസ്റ്റാ.-ഡി) നിന്നുള്ള22.02.2025 ലെ സർക്കുലർ നമ്പർ എസ്റ്റാ.3-ഡി1/MEDNC2/13/24-ധന പ്രകാരമമുള്ള വിവരങ്ങൾ ശേഖരിച്ച് ഓഡിറ്റ് എൻകയറി. നം.03/2024-25/17.07.2025 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | 84500 | 84500 | 0 | ട്രഷറിയിൽ അടവാക്കിയിട്ടുണ്ട് |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

**2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |

**3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 0 | 0 | 0 | 0 | - |

**4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | - |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2024-25 | 2024-25 വർഷത്തെ ഓഡിറ്റ് കാലയളവിൽ പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400000 | 153/25- ആരോഗ്യഭേരി | 113057 | 286943 |
| | 500000 | 255/25-കോഴിപ്പറമ്പത്ത് മാട്, നമ്പുറത്തിയിൽ റോഡ് | 500000 | 0 |
| | 2525000 | 200/25- ലൈഫ് ഭൂമിയുള്ള ഭവന രഹിതർ എസ്.സി. | 225000 | 2300000 |
| | 300000 | 339/25- നടാൽ അയ്യപ്പൻചാലിൽ കോഴങ്ങോട്ട് റോഡ് പുനരുദ്ധാരണം | 292774 | 7226 |
| | 500000 | 414/25-കൂമണ്ണ മാലപറമ്പ് മൂലത്തുള്ളിയാളി റോഡ് പുനരുദ്ധാരണം | 397916 | 102084 |
| | 400000 | 3/25- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| | 400000 | 24/25-സമഗ്ര നെൽ കൃഷി വികസനം | 400000 | 0 |
| | 600000 | 161/25-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 700000 | 222/25- വലിയപറമ്പ- കാളൂർ- വലിയ ചിന റോഡ് ടാറിങ്ങ് | 700000 | 0 |
| | 1200000 | 18/25- ലൈഫ് ഭവന നിർമ്മാണം – ജനറൽ | 900000 | 300000 |
| | 1000000 | 251/25-ഉങ്ങുങ്ങൽ അംഗൻവാടി നിർമ്മാണം | 1000000 | 0 |
| | 1200000 | 20/25- ലൈഫ് ഭവന നിർമ്മാണം – എസ്.സി | 1200000 | 0 |
| **ആകെ** | **9725000** | | **6728747** | **2996253** |
| ജില്ലാ പഞ്ചായത്ത് | 238024 | 24/25 – സമഗ്ര നെൽ കൃഷി വികസനം | 2672 | 235352 |
| | 560000 | 18/25 – ലൈഫ് ഭവന നിർമ്മാണം – ജനറൽ | 60000 | 500000 |
| | 200000 | 161/25- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 100000 |
| | 750000 | 2/25 – പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 610000 | 140000 |
| **ആകെ** | **1748024** | | **772672** | **975352** |

## 4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള |
|---|---|---|---|---|---|---|

| | | | തുക | | | തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 88/25 കെ.എസ്.ഇ.ബി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22400495/ 05.11.2024 | 29179 | 29179 | പൂർത്തീകരിച്ചു. | 0 |
| | 195/25 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 42401442/ 24.05.2024 | 1544431 | 0 | പൂർത്തീകരിച്ചിട്ടില്ല | 498672 |
| ജി.ഡബ്ല്യു.ഡി | 426/25 തടത്തിൽ കോളനി വളപ്പിൽ അങ്കണവാടി- കുഴൽക്കിണർ | 241506520073011631609/ 21.03.2025 | 239000 | 0 | പൂർത്തീകരിച്ചിട്ടില്ല | 239000 |
| | 389/25 തടത്തിൽ കുടിവെള്ള പദ്ധതി കുഴൽക്കിണർ റിപ്പയർ | 22400989/ 17.02.2025 | 5790 | 0 | പൂർത്തീകരിച്ചിട്ടില്ല | 5790 |
| | 319/25 അങ്കണവാടി കിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ | XVFC/2024-25/P/29 18.10.2024 | 416000 | 0 | പൂർത്തീകരിച്ചിട്ടില്ല | 416000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രോണിക് വിഭാഗം | 391/25 മീറ്റിംഗ് ഹാളിലേക്ക് സൗണ്ട് സിസ്റ്റം വാങ്ങൽ | 22401252/ 30.03.2025 | 225000 | 0 | പൂർത്തീകരിച്ചിട്ടില്ല | 2,50,000 |
| MGNREGS MISSION | 379/25, 194/25 സിദ്ദീഖാബാദ് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് | 2415065200730021146/ 17.06.2024 241506520073001081951/ 23.12.2024 | 700000 | 0 | പൂർത്തീകരിച്ചിട്ടില്ല | 700000 |

| | | | | | | |
|---|---|---|---|---|---|---|
| | വിഹിതം നൽകൽ | | | | | |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. 68/2018/ ത.സ്വ.ഭ.വ. തീ. 18.05.2018 | 359878 | 24709998 | 2122952 | 0 | 22946924 |

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2022-2023 | 1-15(B) | 1200 | മുഹമ്മദ് ഷെരീഫ് | 1240101244/18.07.2024 |
| 2023-24 | 8 | 8800 | അസിസ്റ്റന്റ് എഞ്ചിനീയർ | 1240102650/18.11.2024 |
| 2022-2023 | 1-13 | 7239 | C.P കുഞ്ഞി മുഹമ്മദ് മുതൽ പേർ | 1240101259/19.07.2024 |
| 2023-24 | 11 | 2664 | അസിസ്റ്റന്റ് എഞ്ചിനീയർ | 1240102667/19.11.2024 |
| 2023-24 | 25 | 11349 | അസിസ്റ്റന്റ് എഞ്ചിനീയർ | 1240102794/27.11.2024 |
| 2023-24 | 1-12 | 1200 | TSG FIN CORP KADAPPADI | 1240109549/29.03.2025 |
| 2023-24 | 1-12 | 900 | POST OFFICE PERUVALLUR | 1240109599/30.03.2025 |
| 2023-24 | 1-28 | 23200 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1240102671/19.11.2024 |
| ഓഡിറ്റ് എൻക്വയറി നം. | 26 | 3716 | അസിസ്റ്റന്റ് എഞ്ചിനീയർ | 1240102675/19.11.2024 |
| ആകെ തുക | | 60268 | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സാമഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2015-16 | 2(1),2(3),2(4) | 2016-17 | 2(1),2(3),2(4) | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72183864 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79714764 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,67,212 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.</u>

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 498672 | ഡോ. ശ്രീകല എം. സെക്രട്ടറി |
| 1-26 | 12,00,000 | ഡോ. ശ്രീകല എം. സെക്രട്ടറി-600000 |
| | | ശ്രീ. എ.കെ രാജേഷ് സെക്രട്ടറി -600000 |
| 1-27 | 6,60,790 | ശ്രീ. എ.കെ രാജേഷ് സെക്രട്ടറി |
| 1-30 | 7,00,000 | ഡോ. ശ്രീകല എം. സെക്രട്ടറി-5,00,000 |
| | | ശ്രീ. എ.കെ രാജേഷ് സെക്രട്ടറി-2,00,000 |
| 1-31 | 2,50,000 | ശ്രീ. എ.കെ രാജേഷ് സെക്രട്ടറി |
| 1-34 | 1,19,000 | ശ്രീ. എ.കെ രാജേഷ് സെക്രട്ടറി |
| 1-35 | 1,89,750 | ശ്രീ. എ.കെ രാജേഷ് സെക്രട്ടറി |
| 1-37 | 49,000 | ശ്രീമതി ഖദീജ തച്ചരു പടിക്കൽ, ഹെഡ്മിസ്ട്രസ്. |
| ആകെ | 36,67,212 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.</u>
ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.
ഇല്ല.

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03-ചെലവ് | കെ.എസ്.എ.എം.പി.എം.15/2146/2022(1)/30.09.2022 | 1 |
| 2004-05 | കെ.എസ്.എ.എം.പി.എം.15/2146/2022(3) തീ. 30.09.2022 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം.15/1643/2023 തീ. 04.01.2022 | 1 |
| 2006-07 | കെ.എസ്.എ.എം.പി.എം.15/2146/2022(5) തീ. 01.11.2023 | 1 |
| 2007-08 | കെ.എസ്.എ.എം.പി.എം.15/2146/2022(6) തീ. 30-9-2022 | 6 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.എം 15/2146/2022(8) തീ. 30.09.2022 | 1 |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം 15/2146/22(10) തീ. 30.09.2022 | 2 |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3004/2016 തീ. 19.02.2018 | 2 |
| 2016-17 | കെ എസ് എ.എം.പി.എം.15/1286/2017 തീ. 04.12.2023 | 3 |
| 2017-18 | കെ എസ് എ.എം.പി.എം.15/259/2019 തീ. 04.12.2023 | 12ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം |
| 2018-19 | കെ.എസ്.എ എം.പി.എം15/204/2020 തീ. 04.12.2023 | 5 |
| 2019-20 | കെ.എസ്.എ.എം.പി.എം15/1453/2021 തീ. 04.12.2023 | 5 |
| 2020-21 | കെ.എസ്.എ എം.പി.എം15/1454/2021 തീ. 05.09.23 | 6 |
| 2021-22 | കെ.എസ്.എ എം.പി.എം15/2395/2022 തീ. 04.01.23 | 7 |
| 2022-23 | കെ.എസ്.എ എം.പി.എം15/2713/2023 തീ. 23.12.2024 | 25 |
| 2023-24 | കെ.എസ്.എ എം.പി.എം15/2608/2024 തീ. 12.03.2025 | 13 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 02-06-2025 and submitted on 18-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Peruvallur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Peruvallur Grama Panchayat as on 31-03-2025

**Date: 14/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Peruvallur Grama Panchayat for the Year 2024-2025.

## 1.Major Observations

nil

## 2.Other Observations

1)Asset register is not up to date.
2)The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts), 2011 are not submitted for audit.
a)Ratios
b)notes on accounts
c)Comparative Statements
3)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4)The amount received for a Joint Venture Projects- From Block Panchayats as per the AFS, do not agree with the sulekha statement.
5)The amount received as audit recovery from ICDS supervisor and assistant engineer included in the Other liabilities head instead of the head Other Income ,Recovery from others, recovery from employees.
6)The closing balance of the account CFC grant (Tied & Untied)in B4 do not match with schedule B-17
7)The closing balance amount Excess of income Over Expenditure in 23-24 AFS not match with the opening balanceof 2024-25 AFS
8)Items recorded as Cheque Deposited in the bank but not cleared in the reconciliation statement have not yet been credited to the bank book.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്